# പതിമൂന്നാം കേരള നിയമസഭ

## (പതിനാലാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2953 13/07/2015-ൽ മറുപടിയ്ക്ക്**

## വയനാട് ജില്ലയിൽ മത്സ്യവിത്ത് ഹാച്ചറി ആരംഭിക്കുന്നതിന് നടപടി

**ചോദ്യം**

**ശ്രീ. എം. വി. ശ്രേയാംസ് കുമാർ:**

(എ) വയനാട് ജില്ലയിൽ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനായി എന്തെല്ലാം അനുകൂലഘടകങ്ങളാണുള്ളതെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കഴിഞ്ഞ വർഷം മത്സ്യ കൃഷിക്കായി വയനാട് ജില്ലയിൽ ചെലവഴിച്ച തുകയെത്രയെന്നും ലഭിച്ച വരുമാനം എത്രയെന്നും ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

**മറുപടി**

**ശ്രീ. കെ. ബാബു**

**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):**

(എ) മത്സ്യത്തിന്റെ സ്വാഭാവിക വളർച്ചയ്ക്കും ഉല്പാദന ക്ഷമതയ്ക്കും അത്യന്താപേക്ഷിതമായ ഉയർന്ന ഗുണനിലവാരമുള്ള ജലത്തിന്റെ ലഭ്യത, സുസ്ഥിര മത്സ്യകൃഷിയ്ക്കാവശ്യമായ ഭൗതീക രാസഘടകങ്ങളുടെ സ്ഥായിയായ നിലനിൽപ്പ്, ഉയർന്ന വിപണന സാധ്യത, ഉയർന്ന വിപണി മൂല്യം, ജല-മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള അസംഖ്യം ജലാശയങ്ങളുടെ സാന്നിധ്യം മുതലായവ ജില്ലയിൽ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിന് അനുകൂല ഘടകങ്ങളായി കണ്ടെത്തിയിട്ടുണ്ട്.

(ബി) മത്സ്യകൃഷിക്കായി ചെലവഴിച്ച തുക താഴെ പറയും പ്രകാരമാകുന്നു.

| ക്രമ നം. | ഇനം | ചെലവഴിച്ച തുക |
|---|---|---|
| 1 | മത്സ്യസമൃദ്ധി പദ്ധതി | 48,20,042/- |
| 2 | എസ്.സി. വനിതകൾക്ക് അലങ്കാര മത്സ്യകൃഷി യൂണിറ്റ് സബ്സിഡി | 70,000/- |
| 3 | കുളം നിർമ്മിച്ച് മത്സ്യകൃഷി ചെയ്യുന്നതിനുള്ള സബ്സിഡി | 1,45,360/- |
| 4 | സാമൂഹ്യമത്സ്യകൃഷി | 3,00,000/- |
| 5 | ആത്മ -പടുതകുളം നിർമ്മിച്ച് മത്സ്യകൃഷിയ്ക്കുള്ള സബ്സിഡി | 15,00,000/- |

ഇതിലൂടെ മത്സ്യഉല്പാദനം 643.5 ടണ്ണായി വർദ്ധിക്കുകയും 6.2 കോടി രൂപ ഗുണഭോക്താക്കൾക്ക് വരുമാനം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| (സി) മത്സ്യ കൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി ജില്ലയിൽ മത്സ്യ വിത്ത് ഹാച്ചറി, മത്സ്യ തീറ്റ ഉല്പാദന കേന്ദ്രം എന്നിവ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | മത്സ്യകൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി വയനാട് ജില്ലയിലെ കൽപ്പറ്റ അസംബ്ളി നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയിട്ടുളള മത്സ്യവിത്തുല്പാദന കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>വയനാട് ജില്ലയിൽ മത്സ്യത്തീറ്റ ഉല്പാദനകേന്ദ്രം ആരംഭിക്കുന്നതിന് 10 ലക്ഷം രൂപയുടെ പ്രൊപ്പോസൽ വയനാട് ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ തയ്യാറാക്കിയത് ഫിഷറീസ് വകുപ്പ് പരിശോധിച്ച് വരുന്നു. |

സെക്ഷൻ ആഫീസർ